LIBRARY ARCHIVES Kerala Legislative Assembly

ആറ്റിങ്ങലിലെ ദേശീയപാത വികസനം

329 (T1373) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിൽ ദേശീയപാതയുടെ വീതി കൂട്ടുന്നതിന്റെ ഭാഗമായി 31-12-2014-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) സംസ്ഥാന ആസൂത്രണബോർഡ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള ശിപാർശകളെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 31-2-2014-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) സംസ്ഥാന ആസൂത്രണബോർഡ് ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ NATPAC പഠന റിപ്പോർട്ട് തയ്യാറാക്കുകയും തുടർന്ന് പൊതുമരാമത്ത് വകുപ്പ് 22.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഭൂമി സൗജന്യമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ

330 (1374) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുന്നതിനായി റവന്യൂ വകുപ്പിന് ആവശ്യമായ തുക അനുവദിച്ചിട്ടുണ്ടോ ; ഏത്ര തുകയാണ് പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ളത് ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഈ ഇക കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) കൊല്ലങ്കോട് ബൈപ്പാസ് (വടക്കാഞ്ചേരി-പൊള്ളാച്ചി റോഡ്) നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 4(1) നോട്ടിഫിക്കേഷൻ നടപടിക്കുമുമ്പായി പദ്ധതി വിഹിത ഇകയായ 10,57,20,000 രൂപയുടെ ഇരുപത്തിയഞ്ച് ശതമാനമായ 2,64,30,000 രൂപ അനുവദിക്കണമെന്ന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഇക അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

പൊതുമരാമത്ത് വകുപ്പിൽ ചെക്ക് സിസ്റ്റം

331 (1375) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചെക്ക് സിസ്റ്റം അവസാനിപ്പിച്ചതിന്റെ ഭാഗമായി പൊതുമരാമത്ത് വകുപ്പിൽ ഏതെങ്കിലും തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിൽ ചെക്ക് സിസ്റ്റം അവസാനിപ്പിച്ചതിന്റെ ഭാഗമായി നിലവിൽ തസ്തികകൾ ഒന്നും തന്നെ വെട്ടിക്കുറച്ചിട്ടില്ല.

കരുവട്ടൂർ ആയുർവ്വേദ ആശുപത്രി നിർമ്മാണം

332 (1376) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ ഗ്രാമപഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച തീയതി വെളിപ്പെടുത്താമോ ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗത്തിൽ നിന്ന് ടെണ്ടർ നടപടി ആരംഭിക്കാൻ വൈകാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly